**കേരള സർക്കാർ**

**നം.ഡി.എ 1/718/2018/ തസ്വഭവ**

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 15.10.2018

**സർക്കുലർ**

വിഷയം:- - കറവപശുക്കളെ വാങ്ങുന്നതിന് ബാങ്ക് ലോൺ എടുക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം -സംബന്ധിച്ച്

സൂചന:- 1 സർക്കുലർ നം.ഡി.എ.1/652/2018/ത.സ്വ.ഭ.വ. തിയതി 17.09.18

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.18 ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നമ്പർ 3.5

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.09.18 ൽ കൂടിയ യോഗത്തിന്റെ തീരുമാനപ്രകാരം പുറപ്പെടുവിച്ച സൂചന (1)ലെ സർക്കുലർ പ്രകാരം കറവപശുക്കളെ വാങ്ങുന്നതിന് ബാങ്ക് ലോൺ എടുക്കുകയാണെങ്കിൽ ഇങ്ങനെയെടുക്കുന്ന ലോണിന്റെ പലിശ തദ്ദേശഭരണ സ്ഥാപനങ്ങൾ പൂർണ്ണമായി നൽകുന്ന രീതി പരിഗണിക്കണമെന്നു നിർദ്ദേശിച്ചിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.18 ൽ കൂടിയ യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ സൂചന (2) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പശുക്കളെ വാങ്ങുന്നതിന് മാർഗ്ഗരേഖ പ്രകാരം സബ്സിഡി ലഭിച്ചിട്ടുള്ള ഗുണഭോക്താക്കൾ അതിന്റെ ഗുണഭോക്തൃ വിഹിതം കണ്ടെത്തുന്നതിന് ബാങ്ക് ലോൺ എടുത്തിട്ടുണ്ടെങ്കിൽ ഇതിന്റെ പലിശ നല്കാവുന്നതല്ലെന്നും എന്നാൽ സബ്സിഡിരഹിതമായി പശുക്കളെ വാങ്ങുന്നവർക്ക് ബാങ്ക് ലോണിന്റെ പലിശ നൽകാവുന്നതാണെന്നും ഉത്തരവാകുന്നു.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ)യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ)യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ